**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** | **23-08-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരള പോലീസ് ആക്ട് നിഷ്കർഷിക്കുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള പോലീസ് ആക്ട് നിഷ്കർഷിക്കുന്ന തരത്തിൽ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള പൊതുവായ നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുക.<br><br>പോലീസിന്റെ കുറ്റകൃത്യ നിവാരണ ദൗത്യത്തിന്റെയും സേവനാധിഷ്ഠിത ദൗത്യത്തിന്റെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി നിർദ്ദേശങ്ങൾ നൽകുക.<br><br>പൊതുവിൽ സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.<br><br>കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക.<br><br>സംസ്ഥാന പോലീസിൽ കാലാകാലങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കി നൽകുക.<br><br>സർക്കാർ ഏൽപ്പിച്ചു കൊടുക്കുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക. |
| (ബി) | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ എത്ര തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്; യോഗ തീരുമാനങ്ങൾ; എന്നിവ വ്യക്തമാക്കുമോ; നിലവിൽ കമ്മീഷൻ യോഗങ്ങൾ ചേരുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനാൽ 30-07-2022-ലെ വിജ്ഞാപനം അനുസരിച്ച് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. യോഗം തീയതി നിശ്ചയിച്ചിട്ടില്ല. |
| (സി) | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തൊക്കെ നടപടികളാണ് | (സി) | സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള നയപരമായ മാർഗ്ഗ |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | നിർദ്ദേശങ്ങൾ നൽകി സംസ്ഥാന പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റെ ഉദ്ദേശ്യം. |
| (ഡി) | കമ്മീഷനിലെ ഔദ്യോഗിക, അനൗദ്യോഗിക അംഗങ്ങൾ ആരെക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനിൽ ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി അദ്ധ്യക്ഷനും, ബഹു. നിയമ വകുപ്പ് മന്ത്രി, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ജസ്റ്റീസ് കെ.പി ബാലചന്ദ്രൻ (റിട്ട) എന്നിവർ അംഗങ്ങളുമാണ്.<br><br>ചീഫ് സെക്രട്ടറി, ഗവ. സെക്രട്ടറി (ആഭ്യന്തര വകുപ്പ്), സംസ്ഥാന പോലീസ് മേധാവി എന്നിവർ ഔദ്യോഗിക അംഗങ്ങളാണ്.<br><br>ശ്രീ. ജേക്കബ് പുന്നൂസ് (റിട്ട. DGP), ശ്രീമതി ലിസ്സി ജേക്കബ് (റിട്ട ചീഫ് സെക്രട്ടറി), അഡ്വ. സി. ശ്രീധരൻ നായർ എന്നിവർ അനൗദ്യോഗിക അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ